പതിനാലാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 514 | 03.03.2020-ലെ മറുപടിയ്ക്ക്

## ചെസ്സ് കളിയുടെ വികസനത്തിനുള്ള നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ചിറ്റയം ഗോപകുമാർ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കേരളത്തിലെ ചെസ്സ് കളിക്കാർ അന്തർദേശീയ നിലവാരത്തിൽ ഏറെ ശ്രദ്ധേയരായിക്കൊണ്ടിരിക്കുന്ന ഈ കാലയളവിലും ചെസ്സ് കളിയുടെ വികസനത്തിനായി കാര്യമായ ഒരിടപെടലും നടത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചെസ്സിന്റെ പ്രാധാന്യം മനസ്സിലാക്കി ചെസ്സ് കായിക ഇനത്തിൽ സംസ്ഥാന തലത്തിൽ ചെസ്സ് അസോസിയേഷൻ കേരള എന്ന കായിക സംഘടനയ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകുകയും ഗ്രാന്റ്-ഇൻ-എയ്ഡ് റെഗുലേഷൻ പ്രകാരം അർഹമായ ആനുകൂല്യങ്ങൾ നൽകുകയും ചെയ്തിരുന്നു. എന്നാൽ അസോസിയേഷനിലെ ചില ക്രമക്കേടുകളുടെ ഭാഗമായി 31.10.2017 ലെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് യോഗ തീരുമാനപ്രകാരം ചെസ്സ് അസോസിയേഷൻ കേരളയെ സസ്പെന്റ് ചെയ്യുകയുണ്ടായി. സസ്പെൻഷനുമായി ബന്ധപ്പെട്ട കേസ് നിലവിൽ സുപ്രീം കോടതിയുടെ പരിഗണനയിലാണ്. അംഗീകാരം പുന:സ്ഥാപിക്കുന്ന മുറയ്ക്ക് അർഹമായ സാമ്പത്തിക സഹായം നൽകി ചെസ്സ് കളി പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.<br>കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പ് കേരളത്തിലെ സ്കൂളുകളിലെ കുട്ടികൾക്കായി ചെസ്സ് മത്സരത്തിൽ ഉപജില്ലാ, ജില്ലാ, സംസ്ഥാന മത്സരങ്ങൾ നടത്തി വിജയികളെ ദേശീയ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സ്പോർട്സ് വകുപ്പിന്റെ ചുമതലയിൽ ചെസ്സ് കളിയുടെ വികസനത്തിനായി സ്ഥിരം പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) & (സി) | പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | സ്കൂൾ തലങ്ങളിൽ ചെസ്സിന്റെ വികസനത്തിനായി പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ചെസ്സ് പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന തരത്തിലുള്ള സംയുക്തപദ്ധതിക്കായി അനുകൂല നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ